ദീപിക
16 January 2018

## ഇതിനെയെങ്ങനെ തിന്നും...




കൊച്ചിയിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) രാജ്യാന്തര സഫാരി സമ്മേളനത്തോടനുബന്ധിച്ചു സംഘടിപ്പിച്ച മത്സ്യ-ഭക്ഷ്യ-കാർഷിക മേളയിലെ മറൈൻ അക്വേറിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന കടൽമത്സ്യങ്ങളെ വീക്ഷിക്കുന്ന കുട്ടികൾ.

# മത്സ്യങ്ങളെ കാണാം, വാങ്ങാം, തിന്നാം

**കൊച്ചി:** രണ്ടാമതു രാജ്യാന്തര സഫാരി സമ്മേളനത്തോടനുബന്ധിച്ചു കൊച്ചിയിലെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച മത്സ്യ-ഭക്ഷ്യ-കാർഷിക മേള ആദ്യദിനം തന്നെ ജനപങ്കാളിത്തംകൊണ്ടു ശ്രദ്ധേയമായി. പാചകം ചെയ്ത മത്സ്യവിഭവങ്ങൾ കഴിക്കാനും കൂടുകൃഷിയിൽ വിളവെടുത്ത കാളാഞ്ചി, കരിമീൻ, തിലാപ്പിയ തുടങ്ങിയ മത്സ്യങ്ങളെ ജീവനോടെ സ്വന്തമാക്കാനും സമുദ്ര അലങ്കാര മത്സ്യങ്ങളുടെ ശേഖരമുള്ള മറൈൻ അക്വേറിയം കാണാനും മേളയിൽ നല്ല തിരക്കാണനുഭവപ്പെട്ടത്.

സംസ്കരിച്ച ട്യൂണ, ട്യൂണ ഓയിൽ, ട്യൂണ അച്ചാർ, ശീതീകരിച്ച ചെമ്മീൻ, ഓയിസ്റ്റർ വിഭവങ്ങൾ, ജൈവ പച്ചക്കറി തുടങ്ങി അനേകം ഉത്പന്നങ്ങൾ വിപണനമേളയിൽ ലഭ്യമാണ്. സുഗന്ധവ്യഞ്ജനങ്ങളും അവകൊണ്ടുള്ള മൂല്യവർധിത ഉത്പന്നങ്ങളും മേളയിലുണ്ട്. കൃഷി വിജ്ഞാനകേന്ദ്രം പുറത്തിറക്കിയ ബ്രാൻഡ് ചെയ്ത പൊക്കാളി ഉത്പന്നങ്ങൾ വാങ്ങാനും ആവശ്യക്കാരേറെ.

അത്യുത്പാദന ശേഷിയുള്ള മഞ്ഞൾ, ഇഞ്ചി തുടങ്ങിയവയുടെ വിത്തുകളും കുറ്റിക്കുരുമുളകിന്റെ തൈകളും ജൈവ പച്ചക്കറികളും വിത്തുകളും ജൈവവളങ്ങളും ജൈവകീടിനാശിനികളും വാഴക്കന്ന്, കറിവേപ്പ്, പാഷൻ ഫ്രൂട്ട്, പൈനാപ്പിൾ തുടങ്ങിയവയുടെ തൈകളും ഫലവൃക്ഷങ്ങളുടെ തൈകളുമുണ്ട്.

നീര, ശുദ്ധമായ വെളിച്ചെണ്ണ, തേങ്ങ ചിപ്സ്, നീര ഉപയോഗിച്ചുള്ള മധുര പലഹാരങ്ങൾ തുടങ്ങിയ ഉത്പന്നങ്ങളാണു നാളികേര വികസന ബോർഡിന്റെ സ്റ്റാളിലുള്ളത്. വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാങ്കേതികവിദ്യകളുടെ പ്രദർശനവും നടക്കുന്നുണ്ട്. മേള നാളെ സമാപിക്കും. പ്രവേശനം സൗജന്യം.